**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3458** **08-10-2025 - ൽ മറുപടിയ്ക്ക്**

**സ്കോൾ-കേരള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കോൾ - കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിന് വേണ്ടി സർക്കാർ സെലക്ട് കമ്മിറ്റി രൂപീകരിച്ചത് എന്നാണെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ; | (എ) | **സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിനായി** 10/12/2024 ലെ **സ**.ഉ.(സാധാ) നം.8685/2024/പൊ.വി.വ പ്രകാരം സെലക്ട് കമ്മിറ്റി രൂപീകരിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കമ്മിറ്റി എത്ര യോഗങ്ങൾ ചേർന്നുവെന്നും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ലഭ്യമാക്കാമോ; | (ബി) | രണ്ട്. മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു |
| (സി) | പ്രസ്തുത കമ്മിറ്റി നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗാർത്ഥികളുടെയും പേരും വിലാസവും യോഗ്യതകളും വ്യക്തമാക്കാമോ; | (സി) | **അഭിമുഖത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗാർത്ഥികളുടെയും പേരും വിലാസവും യോഗ്യതകളും അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത കമ്മിറ്റി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിന് തയ്യാറാക്കിയ സെലക്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റിന്റെ പകർപ്പ്, നിയമനപ്രക്രിയ വഴി തിരഞ്ഞെടുത്ത എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എച്ച്.ഡി. യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ? | (ഡി) | സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ ഒഴിവിൽ നിയമനം നടത്തുന്നതിന് വേണ്ടി രൂപീകരിച്ച സെലക്ട് കമ്മിറ്റി അഭിമുഖത്തിൽ പങ്കെടുത്ത 9 പേരുടെയും യോഗ്യതകൾ വിലയിരുത്തി തയ്യാറാക്കിയ പാനലിൽ യഥാക്രമം (1) (2) സ്ഥാനങ്ങളിൽ വന്ന ഡോ. ജിനേഷ് കുമാർ എം.എം, ഡോ. എം.ടി ശശി എന്നീ ഉദ്യോഗാർത്ഥികളുടെ പേരുകൾ പതിനേഴാമത് ജനറൽ കൗൺസിൽ മുമ്പാകെ സമർപ്പിച്ച 19.02.2025 ന് ചേർന്ന ജനറൽ കൗൺസിൽ യോഗം മേൽപ്പറഞ്ഞ രണ്ട് പേരുടെ പാനലിൽ നിന്നും ഒന്നാമനായ ഡോ. ജിനേഷ് കുമാറിനെ പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കുന്നതിന് തീരുമാനിക്കുകയാണുണ്ടായത്.<br><br>മേൽ നിയമനപ്രക്രിയ വഴി തിരഞ്ഞെടുത്ത എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എച്ച്.ഡി. യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധം-4ആയി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സ്കോൾ കേരള എക്സിക്യൂട്ടിവ് ഡയറക്ടറെ തെരെഞ്ഞെടുക്കുന്നതിലേക്കായി ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(സാധാ) നം.8685/2024/GEDN തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:- സ്കോൾ കേരള സെക്രട്ടറിയുടെ 30/11/2024 ലെ എ1/4077/2024/സ്കോൾ-കേരള നമ്പർ കത്ത്.

**ഉത്തരവ്**

സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ച ഉത്തരവ് നൽകണമെന്ന ആവശ്യപ്പെട്ടു സ്കോൾ കേരള സെക്രട്ടറി പരാമർശം പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. സ്കോൾ കേരള എക്സിക്യൂട്ടിവ് ഡയറക്ടറെ തെരെഞ്ഞെടുക്കുന്നതിലേക്കായി ചുവടെ ചേർത്തിട്ടുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു:

| | |
|---|---|
| ഡയറക്ടർ,എസ്.സി.ഇ.ആർ.ടി. | ചെയർമാൻ |
| വൈസ് ചെയർമാൻ, സ്കോൾ കേരള | മെമ്പർ |
| ജോയിന്റ് ഡയറക്ടർ (അക്കാദമിക്)<br>ഹയർ സെക്കൻഡറി വിഭാഗം,<br>പൊതു വിദ്യാഭ്യാസ വകുപ്പ് | മെമ്പർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോജ് കുമാർ എസ് കെ എ എസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ,എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം.

വൈസ് ചെയർമാൻ, സ്കോൾ കേരള, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ഹയർ സെക്കൻഡറി വിഭാഗം, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(പി3/369/2024/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

69 അനുബന്ധം II

## സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള)

എക്സിക്യൂട്ടീവ് ഡയറക്ടറെ തിരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച സെലക്ട് കമ്മിറ്റിയുടെ ആദ്യ യോഗത്തിന്റെ നടപടി കുറിപ്പുകൾ

സ്ഥലം: എസ്.സി.ഇ.ആർ.ടി: ഡയറക്ടറുടെ ഓഫീസ് ചേംബർ, പൂജപ്പുര
തീയതി: 17/12/2024
സമയം: 1.30 PM

**പങ്കെടുത്തവർ**

1. ഡോ. ആർ. കെ. ജയപ്രകാശ് (ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.) - ചെയർമാൻ
2. ഡോ. പി. പ്രമോദ് (വൈസ് ചെയർമാൻ, സ്കോൾ-കേരള) - മെമ്പർ
3. ഡോ. ഷാജിത എസ്. (ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ഹയർ സെക്കണ്ടറി വിഭാഗം, പൊതുവിദ്യാഭ്യാസ വകുപ്പ്) - മെമ്പർ

**അജണ്ട:** സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കൽ.

സ്കോൾ-കേരള, എക്സിക്യൂട്ടീവ് ഡയറക്ടറെ തിരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച സെലക്ട് കമ്മിറ്റിയുടെ ആദ്യ യോഗം 17/12/2024-ന് ഉച്ചതിരിഞ്ഞ് 1.30-ന് ആരംഭിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടറെ തിരഞ്ഞെടുക്കുന്നതിന് ചുവടെ പറയും പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് യോഗം തീരുമാനിച്ചു.

1. സ്കോൾ-കേരള, എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം സ്കോൾ-കേരളയുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
2. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, വിശദമായ ബയോഡാറ്റയും സ്വയം സാക്ഷ്യപ്പെടുത്തിയ പ്രമാണങ്ങളും സഹിതം സമർപ്പിക്കണം.
3. അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 10/01/2025 വൈകുന്നേരം 5 മണി വരെ ആയിരിക്കും.
4. അപേക്ഷ സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള), പൂജപ്പുര പി.ഒ., തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് ആയി അയക്കേണ്ടതാണ്. കവറിന്റെ പുറത്ത് **സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിനായുള്ള അപേക്ഷ** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഇ-മെയിൽ ആയും അപേക്ഷ അയക്കാവുന്നതാണ്. എന്നാൽ അപേക്ഷയുടെ ഹാർഡ് കോപ്പി 10/01/2025 ന് വൈകുന്നേരം 5 മണിക്ക് മുൻപ് പ്രസ്തുത വിലാസത്തിൽ ലഭിച്ചിരിക്കണം.

5. എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് ചട്ടപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകളും യോഗ്യതകളും ചുവടെ ചേർക്കുന്നു.
   a) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ അപേക്ഷകർക്ക് 40 വയസ്സ് പൂർത്തിയായിരിക്കണം.
   b) യു.ജി.സി. അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ Ph.D യോഗ്യത നേടിയിരിക്കണം.
   c) കുറഞ്ഞത് 10 വർഷത്തെ അധ്യാപന പരിചയം ഉണ്ടായിരിക്കണം.
   d) ഭരണ നിർവ്വഹണത്തിൽ പരിചയം (Administrative Experience) അഭിലഷണീയ യോഗ്യത ആയിരിക്കും.
   e) എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം നാല് വർഷ കാലയളവിലേക്കാണ്. സ്കോൾ-കേരളയുടെ സർവ്വീസ് ചട്ടം അനുസരിച്ച് വിരമിക്കൽ പ്രായം 58 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാവുന്നവർക്ക് KSR-ലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകം ആയിരിക്കും.

6. 20/12/2024-ന് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സ്കോൾ-കേരള സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി.

ലഭ്യമാകുന്ന അപേക്ഷകളിന്മേലുള്ള തുടർ നടപടികൾ സെലക്ട് കമ്മിറ്റിയുടെ രണ്ടാമത് യോഗത്തിൽ തീരുമാനിക്കുന്നതാണ്.

യോഗം 2.00 PM-ന് അവസാനിച്ചു.

**ചെയർമാൻ**

ഡോ. ജയപ്രകാശ് ആർ.കെ.

**മെമ്പർ**

ഡോ. പി. പ്രമോദ്

**മെമ്പർ**

ഡോ. ഷാജിത എസ്.

| No. | Name and Address | Qualifications |
|---|---|---|
| 1. | Dr. Ajith R Pillai<br>Sankara Bhavanam, Thonalloor<br>Panthalam | MA, MED, Ph.D, PGDCAFC |
| 2. | Prof. Anilkumar Indira Krishnan<br>VPS 218 Sariska<br>Vattavila, Thirumala PO<br>Thiruvananthapuram | M.Sc, Ph.D |
| 3. | Dr. A.Ashraf Ali<br>Nalakath, Anakkamparambu<br>Kunissery, Palakkad 678681 | MA, BEd, SET, Ph.D |
| 4. | Dr. M.T Sasi<br>Madath Thekkeppatt Veedu<br>Irimbiliyam PO<br>Malappuram-679572 | MA, MEd, M.Phil, PhD |
| 5. | Dr. Jinesh Kumar MM<br>Thanal, Periyatt<br>Pilathara PO<br>Kannur-670504 | MA, SET, PhD |
| 6. | Dr. Jeshy S<br>Kunnumparambu<br>Chungamannam, Mathur.P.O<br>Palakkad 678571 Qualification - | MA, BEd, PhD |
| 7 | Dr. Kunjikannan R<br>Sreekailasam<br>Ulloor, Aakkulam Road<br>TC 96/962/2<br>Thuruvikkal.P.O,<br>Thiruvananthapuram - 695011 | LLB, BPE, MSW, MBA (IT), MBA(PM), MBA(TM), MPE, Ph.D |
| 8. | Dr. Ramesh K<br>13/1188<br>Neevaram Civil Station, Kozhikkode - 673020 | MA, MEd, PhD |
| 9. | Dr. Farook<br>Meenathel Kizhakkethil Thodiyur North PO Karunagapally, Kollam 690523 | MA, BEd, M.Phil, PhD |

യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്

# UNIVERSITY OF CALICUT

## FACULTY OF LANGUAGE AND LITERATURE

The Senate of the University of Calicut hereby makes it known that

**Jinesh Kumar. M.M.**

has been admitted to

the Degree of

*Doctor of Philosophy*

in

*Malayalam*

he having been certified by duly appointed Examiners

to be qualified to receive the same

with all the Rights, Privileges and Honours thereunto appertaining.

Given under the seal of the University

**Vice Chancellor**

CALICUT UNIVERSITY P.O.
Kerala, INDIA
PIN - 673 635

Date 02/07/2013

№ 0410011

self attested. 8/1/25